"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് മുതലമട മഹാഗണപതി എൽ.പി.എസ്സിലെ പ്രധാനാദ്ധ്യാപിക ശ്രീമതി. റ്റി. എസ്. സജി ഫയൽ ചെയ്ത W.P.(C) No. 4190/2018, 6741/2018, 29033/2020, 2983/2022, ടി സ്കൂൾ മാനേജർ ശ്രീ. റ്റി. ഒ ഭാസ്കർ ഫയൽ ചെയ്ത W.P.(C) No. 11964/2020, ടി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ബി ഗീത ഫയൽ ചെയ്ത W.P.(C) No. 7976/2023 എന്നീ റിട്ട് ഹർജികളിന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 13/04/2023 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.4141/2024/GEDN തീയതി,തിരുവനന്തപുരം, 01-07-2024

---

പരാമർശം:-

1. പാലക്കാട് മുതലമട മഹാഗണപതി എൽ.പി.എസ്സിലെ പ്രധാനാദ്ധ്യാപിക ശ്രീമതി. റ്റി. എസ്. സജി സർക്കാരിൽ സമർപ്പിച്ച 02/02/2022 തീയതിയിലെ പുന പരിശോധനാ ഹർജി.(W.P.(C) No. 2983/2022 ലെ Ext P15)
2. പാലക്കാട് മുതലമട മഹാഗണപതി എൽ.പി. സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 08/04/2022 തീയതിയിലെ പുന പരിശോധനാ ഹർജി.(W.P.(C) No. 11964/2020 ലെ Ext P35)
3. പാലക്കാട് മുതലമട മഹാഗണപതി എൽ.പി.എസ്സിലെ പ്രധാനാദ്ധ്യാപിക ശ്രീമതി. റ്റി. എസ്. സജി ഫയൽ ചെയ്ത W.P.(C) No. 4190/2018, 6741/2018, 29033/2020, 2983/2022, ടി സ്കൂൾ മാനേജർ ശ്രീ. റ്റി. ഒ ഭാസ്കർ ഫയൽ ചെയ്ത W.P.(C) No. 11964/2020, ടി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ബി ഗീത ഫയൽ ചെയ്ത W.P.(C) No. 7976/2023 എന്നീ റിട്ട് ഹർജികളിന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 13/04/2023 തീയതിയിലെ പൊതുവിധിന്യായം
4. കൊല്ലങ്കോട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/06/2023 തീയതിലെ എഫ്/477/2019 നമ്പർ കത്ത്.
5. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 26/06/2023 തീയതിലെ ബി4/5669/2020 നമ്പർ കത്ത്.
6. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 10/07/2023 തീയതിയിലെ വിബി2/26069/2017/ഡി.ജി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് മുതലമട മഹാഗണപതി എൽ.പി.എസ്സിലെ പ്രധാനാദ്ധ്യാപിക ശ്രീമതി. റ്റി.

എസ്. സജി ഫയൽ ചെയ്ത W.P.(C) No. 4190/2018, 6741/2018, 29033/2020, 2983/2022, ടി സ്കൂൾ മാനേജർ ശ്രീ. റ്റി. ഒ ഭാസ്കർ ഫയൽ ചെയ്ത W.P.(C) No. 11964/2020, ടി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ബി ഗീത ഫയൽ ചെയ്ത W.P.(C) No. 7976/2023 എന്നീ റിട്ട് ഹർജികളിന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 3 പൊതുവിധിന്യായത്തിൽ, W.P.(C) No. 11964/2020 ലെ ഹർജിക്കാരനായ ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 2 പുന പരിശോധനാ ഹർജി(Ext P35) ഹർജിക്കാരനെയും ആറാം എതിർ കക്ഷിയായ ശ്രീമതി. റ്റി. എസ്. സജിയെയും നേരിൽ കേട്ട് തീർപ്പാക്കാനും, W.P.(C) No. 2983/2022 ലെ ഹർജിക്കാരിയായ ശ്രീമതി. റ്റി. എസ്. സജി സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന പരിശോധനാ ഹർജി(Ext P15) ഹർജിക്കാരിയെയും അഞ്ചാം എതിർ കക്ഷിയായ ടി സ്കൂൾ മാനേജരെയും നേരിൽ കേട്ട് തീർപ്പാക്കാനും W.P.(C) No. 29033/2020 ലെ ഹർജിക്കാരിയായ ശ്രീമതി. റ്റി. എസ്. സജി ടി റിട്ട് ഹർജിയിലെ Ext P20, P21 എന്നിവയ്ക്കെതിരെ ടി വിധിന്യായം കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ നിവേദനം സമർപ്പിക്കുന്ന പക്ഷം ആയതും കൂടി W.P.(C) No. 11964/2020 ന്മേൽ ഉത്തരവിട്ട കൂടിക്കാഴ്ചയിൽ പരിഗണിച്ച് ഹർജിക്കാരിയെയും അഞ്ചാം എതിർ കക്ഷിയായ ടി സ്കൂൾ മാനേജരെയും നേരിൽ കേട്ട് തീർപ്പാക്കാനും ടി റിട്ട് ഹർജികളിലെ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരെയും ബന്ധപ്പെട്ട കക്ഷികളെയും 27.6.2023-ൽ നേരിൽ കേട്ടു.

2. <u>ശ്രീമതി. റ്റി എസ് സജി ഫയൽ ചെയ്ത W.P.(C) No. 2983/2022</u>

(i) ഹർജിക്കാരിയായ ശ്രീമതി. റ്റി. എസ്. സജിയുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

ഹെഡ്മിസ്ട്രസ്സായ ശ്രീമതി.സജിയെ 6.3.2017 മുതലും 8.3.2019 മുതലും സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് മാനേജർ ആരംഭിച്ച അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട കേസുകളാണ് ബഹു. ഹൈക്കോടതി 13.4.2023ലെ പൊതുവിധിന്യായത്തിലൂടെ തീർപ്പാക്കിയിട്ടുള്ളത്. 2010-11 വർഷം മുതൽ 2016-17 വരെയുള്ള കാലയളവിലെ ഉച്ചഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട് ശ്രീമതി.സജി വലിയ തോതിൽ ധനാപഹരണം നടത്തി എന്ന കുറ്റാരോപണമാണ് പ്രധാനമായും അച്ചടക്ക നടപടികൾ ആരംഭിക്കുന്നതിനാധാരമായി മാനേജർ ഉന്നയിച്ചിരിക്കുന്നത്.

ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട അതാതു മാസത്തെ ചിലവുകൾ, ബില്ലുകൾ, വൗച്ചറുകൾ എന്നിവ സഹിതം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു സമർപ്പിക്കേണ്ടതും, ആയത് പരിശോധിച്ച് അഹർഹമായ തുക അംഗീകരിച്ചനുവദിക്കുകയുമാണ് ചെയ്യുന്നത്. ഈ വിധം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അനുവദിക്കുന്ന തുകകളെ സംബന്ധിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർ അതാതു വർഷം ആഡിറ്റ് നടത്തുന്നതുമാണ്. ഈ സ്കൂളിന്റെ ഉച്ചഭക്ഷണ ചെലവുകളിൽ 2010-11 മുതൽ 2015-16 വരെയുള്ള കാലയളവിൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ നടത്തിയ ആഡിറ്റുകളിൽ യാതൊരു വിധ അപാകതയും കണ്ടെത്തിയിട്ടില്ലാത്തതാണ്.

ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീമതി.സജി വലിയ ക്രമക്കേടുകൾ നടത്തുന്നതായി ആരോപിച്ച് അറുമുഖൻ എന്നൊരാൾ 21.6.2016ന് സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ നടത്തിയ കണ്ടെത്തലും, എം.ബഷീർ

എന്നൊരാൾ ഉന്നയിച്ച പരാതിയിന്മേൽ പാലക്കാട് ധനകാര്യ പരിശോധനാ സ്ക്വാഡ് 19.3.2018, 23.03.2018, 27.3.2018 എന്നീ ദിവസങ്ങളിൽ നടത്തിയ പരിശോധനകളിലെ കണ്ടെത്തലുകളും ആണ് വലിയ തരത്തിലുള്ള ആരോപണങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും മാനേജർ ആയുധമാക്കിയത്. അതോടൊപ്പം തന്നെ ഹെഡ്മിസ്ട്രസ്സ് വലിയ തോതിൽ സർക്കാർ പണം അപഹരിച്ചെന്നാരോപിച്ച് 9.1.2019ന് മാനേജർ ലോക്കൽ പോലീസിനും പരാതി സമർപ്പിച്ചു.

അറുമുഖന്റെ പരാതിയിന്മേൽ പരിശോധന നടത്തിയ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ ഉച്ചഭക്ഷണത്തിനായി സൂക്ഷിച്ചിരിക്കുന്ന അരിയുടെ സ്റ്റോക്കിൽ 217 കി.ഗ്രാം അരി അധികം ഇരിക്കുന്നതായി കണ്ടെത്തി. മറ്റൊരു അപാകതയും കണ്ടെത്തിയില്ല. ധാന്യങ്ങളുടെ സ്റ്റോക്ക് പരിശോധന സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ നൂൺ ഫീഡിംഗ് സൂപ്പർവൈസർമാർക്ക് നൽകിയിട്ടുള്ള നിർദ്ദേശം ഇപ്രകാരമാണ്.:

"സൂപ്പർവൈസർമാരുടെ സന്ദർശനവേളയിൽ അധികം കാണുന്ന ധാന്യങ്ങൾ സ്റ്റോക്കിൽ കൂട്ടിചേർക്കാൻ നിർദ്ദേശം നൽകേണ്ടതാണ്."

അനുപ്രകാരം അധികമായി കണ്ടെത്തിയ 217 കി.ഗ്രാം അരി കൂടി സ്റ്റോക്കിൽ കൂട്ടിചേർത്ത് ഉപയോഗിച്ചതോടെ വിഷയം പരിഹരിക്കപ്പെടുകയും ചെയ്തു. ഇതിന്റെ പേരിൽ ഹെഡ്മിസ്ട്രസ്സിനെതിരെ അച്ചടക്ക നടപടി എന്ന പ്രശ്നം ഉദിക്കുന്നതേയില്ല. എം ബഷീറിന്റെ പരാതിയിന്മേൽ പാലക്കാട് ധനകാര്യ പരിശോധനാ സ്ക്വാഡ് മൂന്ന് ദിവസങ്ങളായി നടത്തിയ പരിശോധനയിൽ സ്കൂൾ ഹെഡ്മിസ്ട്രസ്സ് ഇല്ലാത്ത കടകളുടെ പേരിൽ വ്യാജ വൗച്ചറുകൾ നിർമ്മിച്ചും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ഉച്ചഭക്ഷണ പദ്ധതിയ്ക്കായി അനുവദിച്ച തുകയെക്കാൾ അധികം തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ചും വലിയ ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായാണ് റിപ്പോർട്ട് സമർപ്പിച്ചത്.

ഇല്ലാത്ത കടകളുടെ പേരിൽ വ്യാജ ബില്ലുകളും വൗച്ചറുകളും കൃത്രിമമായി ഉണ്ടാക്കി ധനാപഹരണം നടത്തി എന്നതും, ഹെഡ്മിസ്ട്രസ്സിന് ലഭിക്കേണ്ടിയിരുന്ന തുകകൾ കണക്കിലെടുക്കാതെ അധിക തുക പിൻവലിച്ചു എന്നതും, പിന്നീട് നടന്ന വിശദ പരിശോധനകളിൽ വസ്തുതാപരമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. മേൽ വിവരിച്ച പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടറുടെയും ധനകാര്യ പരിശോധനസ്ക്വാഡിന്റെയും അന്വേഷണത്തിൽ വെളിവായ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ സ്കൂൾ മനേജർ 09.01.2019ന് കൊല്ലങ്കോട് പോലീസ് സ്റ്റേഷനിൽ പരാതി നൽകി. തുടർന്ന് പ്രധാനാദ്ധ്യാപികയായ സജിക്കെതിരെ IPC 420,465,468,406,409,471 പ്രകാരമുള്ള കുറ്റങ്ങൾ ചുമത്തി ക്രൈം 23/2019 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.

W.A.No.2413/2019, 2416/2019 കേസുകളിൽ ബഹു.കോടതി ഡിവിഷൻ ബെഞ്ച് 17.12.2019-ന് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിലൂടെ 08.03.2019 മുതൽ സസ്പെൻഷനിൽ നിർത്തിയിരുന്ന ഹെഡ്മിസ്ട്രസ്സിനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാൻ മാനേജർക്കും, ഹെഡ്മിസ്ട്രസ്സിനെതിരായ അച്ചടക്ക നടപടികൾ 3 മാസത്തിനകം അന്വേഷിച്ച് തീർപ്പാക്കാൻ വിദ്യാഭ്യാസ അധികൃതർക്കും നിർദ്ദേശം നൽകുകയുണ്ടായി. ഈ ഉത്തരവിനെതിരെ മാനേജർ ബഹു.സുപ്രീംകോടതിയിൽ SLP ഫയൽ ചെയ്തെങ്കിലും ആയത് ബഹു.കോടതി തള്ളിക്കളയുകയുണ്ടായി.

തുടർന്ന് 24.1.2020 മുതൽ പ്രാബല്യത്തിൽ മാനേജർ ഹെഡ്മിസ്ട്രസ്സിനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ചു. 18.3.2020-ലെ എഫ്477/2019 നമ്പർ ഉത്തരവിലൂടെ കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ WA No.2413/2019 and 2416/2019 date 17.12.2019 പ്രകാരമുള്ള ബഹു.കേരള ഹൈക്കോടതിയുടെ വിധിന്യായപ്രകാരം ശ്രീമതി.ടി.എസ്.സജിയെ തിരികെ

ജോലിയിൽ ഉടൻ പ്രവേശിപ്പിക്കുവാനും ടിയാരിക്കെതിരെ അച്ചടക്ക നടപടി തുടരാൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

ഇക്കാര്യത്തിൽ നേരത്തേ സർക്കാർ പുറപ്പെടുവിച്ച ജി.ഒ (സാധാ) നമ്പർ 4326/2019 തീയതി 21.10.2019 പ്രകാരം വിവിധ അന്വേഷണ ഏജൻസികൾ കണ്ടെത്തിയതുമായ ക്രമക്കേടുകളും സാമ്പത്തിക ആരോപണങ്ങളും പരിഗണിച്ച് ടിയാരിക്കേതിരായ അന്വേഷണം തുടരാനും ടിയാരിയെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കാനും നിർദ്ദേശിച്ചിരുന്നു.

പ്രസ്തുത ഗവ.ഉത്തരവിനെതിരെ മാനേജരും ശ്രീമതി.ടി.എസ്.സജിയും ഹൈക്കോടതിയിൽ WP © 29305/2019, 29663/2019 ഫയൽ ചെയ്യുകയും അതേ തുടർന്ന് W.ANo.2413/2019 & 2416/2019 എന്നീ അപ്പീലുകളിൽ 17.12.2019-ന് ഡിവിഷൻ ബഞ്ചിന്റേതായ വിധിയുണ്ടായത്.

ശ്രീമതി.ടി.എസ് സജിയെ 8.3.2019-ന് വേല വിലക്കിയതിന് കാരണമായി നൽകിയിരിക്കുന്ന എല്ലാ പരാമർശങ്ങളെയും ശ്രീമതി.ടി.എസ്.സജി ഹിയറിംഗ് വേളയിൽ നിഷേധിക്കുകയും ആയത് സംബന്ധിച്ച് രേഖാമൂലം മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ആരോപണങ്ങളെല്ലാം കോടതി പരിഗണിച്ചതായും കോടതി തുടരന്വേഷണത്തിനാണ് ഉത്തരവായിട്ടുള്ളതെന്നും വ്യക്തമാക്കി ഇക്കാര്യങ്ങൾ ഈ ഹിയറിംഗിൽ പരിഗണിക്കുകയുണ്ടായി.

21.10.2019-ലെ സ.ഉ (സാധാ) നം.4326/2019/പൊ.വി.വ പ്രകാരം ഈ സ്കൂളിലെ 2010-11 മുതൽ 2017 ഫെബ്രുവരി വരെയുള്ള ഉച്ചഭക്ഷണ പരിപാടിയുടെ ബന്ധപ്പെട്ട എല്ലാ രേഖകളും പോലീസ് വകുപ്പിൽ നിന്നും തിരികെ ലഭിക്കുന്ന മുറയ്ക്ക് ടിയാരിക്കെതിരെയുള്ള അച്ചടക്ക നടപടി പൂർത്തിയാകുന്നതുവരെ കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ തന്നെ സൂക്ഷിക്കാനും, 2010-11 മുതൽ ഫെബ്രുവരി വരെയുള്ള ഉച്ചഭക്ഷണ പരിപാടിയുടെ കണക്കുകൾ പരിശോധിച്ച് എത്രമാത്രം തുക അപഹരിക്കപ്പെട്ടു എന്നുള്ള വ്യക്തമായ കണക്ക് അടിയന്തിരമായി സർക്കാരിൽ സമർപ്പിക്കുവാനും ധനകാര്യപരിശോധനാ റിപ്പോർട്ടിൽ നിർദ്ദേശിച്ച പ്രകാരം ക്രമവിരുദ്ധമായി അധികം പിൻവലിച്ച തുകകൾ 18% പലിശ സഹിതം ശ്രീമതി.ടി.എസ്.സജിയിൽ നിന്നും ഈടാക്കി സർക്കാർ ഖജനാവിൽ തിരികെ അടയ്ക്കാനുമുള്ള നടപടി സ്വീകരിക്കാനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നർദ്ദേശം നൽകിയിരുന്നു.

വിവിധ ഏജൻസികൾ നടത്തിയ അന്വേഷണത്തിന്റെ ക്രോഡീകരണമായി G.O (Rt) 4326/2019/പൊ.വി.വ തീയതി 21.10.2019 ഉത്തരവിൽ പറയുന്ന ശുപാർശ 1ൽ പറയുന്ന 10184.50 രൂപയും ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിച്ച തുകയെക്കാൾ അധികം തുക പിൻവലിച്ചു. (445941.85) ഇത് 18% പലിശ സഹിതം തിരിച്ചടക്കേണ്ടതാണ്. ഉച്ചഭക്ഷണ പദ്ധതിയിൽ പണം ചെലവഴിക്കുന്നതിൽ ശ്രദ്ധക്കുറവും പിഴവും വരുത്തിയ പ്രധാനാദ്ധ്യാപികയുടെ ശമ്പളത്തിൽ നിന്ന് ഒരു ഇൻക്രിമെന്റ് (ഒരു വർഷത്തേക്ക്) കുറയ്ക്കാൻ നിർദ്ദേശം നൽകുന്നു. ഇതോടു കൂടി 2011 മുതൽ 2017 വരെയുള്ള ഉച്ചഭക്ഷണവുമായി ബന്ധപ്പെട്ട എല്ലാ പരാതികളും തീർപ്പാക്കുന്നു.

06.03.2017 മുതൽ പ്രധാനാദ്ധ്യാപികയെ വേലവിലക്കിയ നടപടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ അംഗീകരിക്കാതെ വരികയും മേൽ അധികാരികൾ തിരിച്ചെടുക്കാൻ പറഞ്ഞിട്ടും സസ്പെൻഷൻ നീട്ടികൊണ്ടു പോകുകയും ചെയ്തതു മൂലം സർക്കാരിനുണ്ടായ നഷ്ടം തുക (6.3.2017 മുതൽ 6.2.2018 വരെയുള്ള സജിയുടെ ശമ്പളം) മാനേജറിൽ നിന്നും ഈടാക്കേണ്ടതുമാണ്.

ഈ അച്ചടക്ക നടപടി ഉത്തരവിനെതിരെ മാനേജരും ഹെഡ്മിസ്ട്രസ്സും കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 92 പ്രകാരം സമർപ്പിച്ച റിവിഷൻ ഹർജികളിലാണ് സർക്കാർ ഇപ്പോൾ തീരുമാനമെടുക്കേണ്ടത്. സർക്കാരിന്റെ വിവധ ഏജൻസികൾ തുടരന്വേഷണത്തിൽ കണ്ടെത്തിയ തെളിവുകളുടെ അടിസ്ഥാനത്തിൽ ഈ അച്ചടക്ക നടപടിക്കൊന്നിനും തന്നെ

നിലനിൽപ്പില്ലാതായിരിക്കുന്നു എന്നു ദയവോടെ ബോധ്യപ്പെടാവുന്നതാണ്.

(ii) സ്കൂൾ മാനേജരുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

മാനേജർ സമർപ്പിച്ച പുന:പരിശോധന ഹർജിയിന്മേലുള്ള ഉത്തരവിൽ ബഹു.പൊതുവിദ്യാഭ്യാസ സെക്രട്ടറി ധനകാര്യ പരിശോധന സ്ക്വാഡിന്റെ അന്വേഷണ റിപ്പോർട്ടിലും സർക്കാർ/വിദ്യാഭ്യാസ ഓഫീസർമാരുടെ തലത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ടുകളിലും ശ്രീമതി.ടി.എസ്.സജിക്കെതിരെയുള്ള ആരോപണങ്ങൾ സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിലുമാണ് കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നം.എഫ്/477/2019 തീയതി 18.3.2020ന് ഉത്തരവായിട്ടുള്ളത്.

എന്നാൽ മേൽ ഉത്തരവിൽ യാതൊരു തുടർ നടപടിയും സ്വീകരിക്കാത്തതുമൂലം 6.7.2020 ന് ജില്ല വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നം.03/07/20 തീയ്യതി 9.02.2020ന് നൽകിയ കത്തിന് മറുപടിയായി നം.ബി6/9272/2020 തീയ്യതി 09.12.2020 ന് അറിയിച്ചത് 24.11.2020-ലെ ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ബഹു.പൊതുവിദ്യാഭ്യാസ സെക്രട്ടറി നം.ബി3/421/2019 തീയതി 28.5.2019 പ്രകാരം കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 75 പ്രകാരം അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിരിക്കുന്നു എന്നാണ്. 6.12.2021ന് മാനേജർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ കത്തിന് മറുപടിയായി പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ജനറൽ & വിജിലൻസ് ഓഫീസറുടെ അന്വേഷണം WP © 29033/2020 പ്രകാരം സ്റ്റേ നിലനിൽക്കുന്നതിനാൽ അന്വേഷണം നടത്താൻ കഴിഞ്ഞിട്ടില്ല എന്നുമാണ്.

ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് അയച്ച കത്തിൽ, ഉപജില്ല ഓഫീസറുടെ നം.F/477/2019 തീയതി 18.3.2020 -ലെ ഉത്തരവ് ബഹു.ഹൈക്കോടതി മരവിപ്പിച്ചിട്ടില്ലെന്നും 20 മാസങ്ങളായി ശ്രീമതി.ടി.എസ്.സജിയിൽ നിന്നും അഴിമതി നടത്തിയതായും അധികം പിൻവലിച്ചതായും കണ്ടെത്തിയ തുക തിരിച്ചു പിടിക്കാൻ ഉത്തരവായിട്ടും നടപടിയൊന്നും സ്വീകരിച്ചിട്ടില്ല എന്ന് ആവർത്തിച്ച് ബോധ്യപ്പെടുത്തിയ ശേഷം മാത്രമാണ് കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസ് ശ്രീമതി.ടി.എസ്.സജിക്ക് 12.1.2022-ന് കത്ത് നൽകിയിട്ടുള്ളത് എന്നതിൽ നിന്നും, ഗുരുതമായി സാമ്പത്തിക ക്രമക്കേട് നടത്തിയതായി വിവിധ ഏജൻസികൾ, രേഖകൾ പരിശോധിച്ച് അന്വേഷിച്ച് കണ്ടെത്തിയിട്ടും പൊതു ഖജനാവിലെ പണം തിരിച്ചു പിടിക്കാൻ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ യാതൊരു താല്പര്യവും കാണിച്ചിട്ടില്ല എന്നത് മന:പൂർവ്വം ശ്രീമതി.ടി.എസ്.സജിയെ സംരക്ഷിക്കുന്നതിനാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ആയതു് അന്വേഷണ വിധേയമാക്കേണ്ടതാണ്.

മാനേജർ ശ്രീമതി.ടി.എസ്.സജിക്ക് നൽകിയ 13.1.2022-ലെ കത്തിന്റെ അടിസ്ഥാനത്തിൽ 28.01.2022 ന് 15 ദിവസം സമയം കൂടി അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെടുകയും പിന്നീട് ബഹു.ഹൈക്കോടതിയിൽ WP © 2983/2022 പ്രകാരം മരവിപ്പിക്കാനും 1,25,000/- രൂപ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിക്കാനും, ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ നം.F/477/2019 തീയതി 18.3.2020 ന്റെ അന്തിമ തീരുമാനത്തിനനുസരിച്ചായിരിക്കുമെന്നും വിധിയായി.

ജില്ല ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയ അധികം പിൻവലിച്ച തുക മുഴുവനായും തിരിച്ചു പിടിക്കുന്നതിന് ഉത്തരവായ സ.ഉ (സാധാ) 4326/2019 തീയതി 21.10.2019 ഉത്തരവ് പ്രകാരം അധികം പിൻവലിച്ച തുക തിരിച്ചു പിടിക്കാനുള്ള ഉത്തരവാണ് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നൽകിയിട്ടുള്ളതെന്നതിനാൽ മുഴുവൻ സംഖ്യയും തിരിച്ചുപിടിക്കാനും, ഇല്ലാത്ത

കടകളുടെ പേരിൽ വ്യാജ ബില്ലുകളിലൂടെ നടത്തിയ ഗുരുതരമായ സാമ്പത്തിക ക്രമക്കേട് ധനകാര്യ പരിശോധന സ്ക്വാഡിന്റെ അന്വേഷണ റിപ്പോർട്ട് അന്തിമമാക്കി കടുത്ത ശിക്ഷാ നടപടി കെ.ഇ.ആർ അദ്ധ്യായം XIV Aപ്രകാരം നടപ്പിലാക്കണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.

ഗുരുതമായ സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ടി.എസ്.സജിക്കെതിരെ കടുത്ത ശിക്ഷയ്ക്ക് പകരം കുറഞ്ഞ ശിക്ഷ നൽകി (ഒരു വർഷത്തേക്ക് ഒരു ഇൻക്രിമെന്റ് കുറച്ചുകൊണ്ടുള്ള ഉത്തരവ്) 2011 മുതൽ 2017 വരെയുള്ള എല്ലാ പരാതികളുടെ എന്റെ അസാന്നിധ്യത്തിൽ തീർപ്പാക്കിയത് ചട്ടങ്ങളുടെ ലംഘനമാണ് ആയതിൽ ഗൂഡാലോചനയുണ്ട് ആയത് റദ്ദാക്കണമെന്നും, ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ അന്വേഷണ പരിധിയിൽ ഇല്ലാത്ത വേലവിലക്ക് കാലയളലിലെ ശമ്പളം മാനേജരിൽ നിന്നും ഈടാക്കണമെന്നത് റദ്ദാക്കണമെന്നും അപേക്ഷിക്കുന്നു.

(iii) പൊതുവിദ്യാഭ്യാസ ഡയറക്ടർ, കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ സമർപ്പിച്ച സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ബഹു. ഹൈക്കോടതിയുടെ 17.12.2019 തീയതിയിലെ ഡബ്ല്യൂ.എ/2413/2019, ഡബ്ല്യൂ.എ/2416/2019 പ്രകാരമുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹിയറിംഗ് നടത്തുകയും, ആയതിന്റെ ഉത്തരവ് പ്രകാരം പൊ.വി.വ ബി/4326/2019 തീയതി 21.10.2019 ഉത്തരവിൽ പറയുന്ന ശുപാർശ1-ൽ 10,184.50 രൂപയും ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിച്ച തുകയെക്കാൾ അധികം പിൻവലിച്ച തുകയായ 445941.85 രൂപയും ഇതിന്റെ 18% പലിശ സഹിതം തിരിച്ചടക്കേണ്ടതാണെന്നും കൂടാതെ ഉച്ചഭക്ഷണ പദ്ധതിയിൽ പണം ചെലവാക്കുന്നതിൽ ശ്രദ്ധക്കുറവും പിഴവും വരുത്തിയ പ്രധാനാദ്ധ്യാപികയുടെ ശമ്പളത്തിൽ നിന്നും ഒരു ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് കുറയ്ക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. ഇതോടുകൂടി 2011 മുതലുള്ള 2017 വരെയുള്ള ഉച്ചഭക്ഷണവുമായി ബന്ധപ്പെട്ട എല്ലാ പരാതികളും തീർപ്പാക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ ഉത്തരവിനെതിരെ ശ്രീമതി.ടി.എസ്.സജി, WP © No.2983/2022 ഫയൽ ചെയ്യുകയും ചെയ്തു. തുടർന്ന് 13.4.2023-ലെ ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിപ്രകാരം സർക്കാരിനോട് പുന:പരിശോധിക്കാൻ നിർദ്ദേശിച്ചിരിക്കുന്നു. പ്രസ്തുത തുക പ്രധാനാദ്ധ്യാപികയായ ശ്രീമതി.ടി.എസ്.സജി 18% പലിശ സഹിതം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

3. <u>സ്കൂൾ മാനേജർ ശ്രീ. റ്റി. ഒ ഭാസ്കർ ഫയൽ ചെയ്ത W.P.(C) No. 11964/2020</u>

(I) ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ 17.12.2019-ലെ വിധിന്യായപ്രകാരവും കേരള വിദ്യാഭ്യാസ നിയമപ്രകാരവും മാനേജർ കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക്, ശ്രീമതി.ടി.എസ്.സജി നടത്തിയ ഗുരുതരമായ ക്രമക്കേട് വിശദമായി അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

ബഹു.ഹൈക്കോടതിയുടെ വിധിന്യായവും കേരള വിദ്യാഭ്യാസ നിയമവും പരിഗണിക്കാതെയും മാനേജരുടെ അപേക്ഷ പരിഗണിക്കാതെയുമാണ്, കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ 16.03.2020-ന് കൂടിക്കാഴ്ച നടത്തിയതിൻ പ്രകാരം പുറപ്പെടുവിച്ച നടപടി ഉത്തരവിൽ വിവിധ ഏജൻസികൾ നടത്തിയ അന്വേഷണത്തിന്റെ ക്രോഡീകരണമായി പൊതുവിദ്യാഭ്യാസ (ബി)

വകുപ്പ് 4326/2019 തീയ്യതി 21.10.2019 ഉത്തരവിൽ പറയുന്ന ശുപാർശ 1-ൽ പറയുന്ന 10184.50 രൂപയും, ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിച്ച് തുകയെക്കാൾ അധികം തുക പിൻവലിച്ച (Rs.4,45,941.85) ഇത് 18% പലിശ സഹിതം തിരിച്ചടക്കേണ്ടതാണ് എന്നും ഉച്ചഭക്ഷണ പദ്ധതിയിൽ പണം ചെലവഴിക്കുന്നതിൽ ശ്രദ്ധക്കുറവും പിഴയും വരുത്തിയ പ്രധാനാദ്ധ്യാപികയുടെ ശമ്പളത്തിൽ നിന്ന് ഒരു ഇൻക്രിമെന്റ് (ഒരു വർഷത്തേക്ക്) കുറയ്ക്കാൻ നിർദ്ദേശം നൽകുന്നു എന്നും ഇതോടുകൂടി 2011 മുതൽ 2017 വരെയുള്ള ഉച്ചഭക്ഷണവുമായി ബന്ധപ്പെട്ട എല്ലാ പരാതികളും തീർപ്പാക്കുന്നു എന്നും 6.3.2017 മുതൽ പ്രധാനാദ്ധ്യാപികയെ വേലവിലക്കിയ നടപടി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ അംഗീകരിക്കാതെ വരികയും മേൽ അധികാരികൾ തിരിച്ചെടുക്കാൻ പറഞ്ഞിട്ടും സസ്പെൻഷൻ നീട്ടികൊണ്ടു പോകുകയും ചെയ്തു മൂലം സർക്കാരിന് ഉണ്ടായ നഷ്ടം തുക (6.3.2017 മുതൽ 6.2.2018 വരെയുള്ള സജിയുടെ ശമ്പളം) മാനേജറിൽ നിന്നും ഈടാക്കേണ്ടതും ആണ് എന്നും ഉത്തരവായിട്ടുള്ളത്.

കേരള വിദ്യാഭ്യാസ നിയമപ്രകാരം എയ്ഡഡ് വിദ്യാലയത്തിലെ അദ്ധ്യാപകർക്കെതിരെ കടുത്ത ശിക്ഷ നൽകുന്നതിന് അദ്ധ്യായം XIV A ചട്ടം 75 പ്രകാരം വിശദമായ അന്വേഷണം നടത്തേണ്ടതുണ്ട്. 8.3.2019 ന് മാനേജർ, ശ്രുമതി.ടി.എസ്.സജിയെ വേലവിലക്കുകയും, 18.3.2019ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രാഥമികാന്വേഷണം നടത്തുകയും വേലവിലക്കിനാധാരമായ കാരണങ്ങൾ ശരിയാണെന്ന് ബോധ്യപ്പെട്ട് ദീർഘിപ്പിക്കുവാൻ നമ്പർ എഫ്/477/2019 തീയ്യതി 20.3.2019 പ്രകാരം ഉത്തരവായി. വീണ്ടും രണ്ടാമതൊരു കുടിക്കാഴ്ച ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ല. ശ്രീമതി.ടി.എസ് സജി നടത്തിയ സാമ്പത്തിക ക്രമക്കേട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ 18.3.2020-ലെ ഉത്തരവിൽ അനധികൃതമായി അധികം പിൻവലിച്ച തുക തിരിച്ചടക്കാൻ നിർദ്ദേശിച്ചത് വിവിധ വകുപ്പുകൾ (പൊതുവിദ്യാഭ്യാസ വകുപ്പ്, വിജിലൻസ് വകുപ്പ്, ധനകാര്യ പരിശോധന സ്ക്വാഡ്) കണ്ടെത്തിയ ക്രമക്കേടുകൾ ബഹു.പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ ഉത്തരവിൽ സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടുണ്ടെന്ന് സ്ഥിരീകരിച്ചതാണ് (വ്യാജബില്ലുകൾ മാത്രമാണ് പരിശോധിക്കാനുള്ളത്). എയ്ഡഡ് വിദ്യാലയത്തിലെ ജീവനക്കാർക്കെതിരെ ശിക്ഷ നടപടി സ്വീകരിക്കേണ്ടത് വിദ്യാലയത്തിലെ മാനേജരാണെന്നിരിക്കെ "ഒരു ഇൻക്രിമെന്റ് കുറയ്ക്കാൻ" നിർദ്ദേശിച്ചത്, കുറഞ്ഞശിക്ഷ നൽകി കുറ്റക്കാരിയെ സംരക്ഷിക്കാൻ വേണ്ടി അധികാര ദുർവിനിയോഗമാണ് നടത്തിയിട്ടുള്ളത്. ആയത് ശ്രീമതി.ടി.എസ് സജിയെ കടുത്ത ശിക്ഷയിൽ നിന്നും രക്ഷിക്കാൻ വേണ്ടി മനഃപൂർവ്വം ചെയ്തതാണ്.

ശ്രീ..എം.ഷാജു കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നം.F/477/2019 തീയതി 18.3.2020-ൽ ശ്രീമതി.ടി.എസ്.സജിയുടെ ശമ്പളത്തിൽ നിന്നും ഒരു ഇൻക്രിമെന്റ് (ഒരു വർഷത്തേക്ക്) കുറച്ചുകൊണ്ടുള്ള ശിക്ഷയും ഇതോടുകൂടി 2011 മുതൽ 2017വരെയുള്ള ഉച്ചഭക്ഷണവുമായി ബന്ധപ്പെട്ട എല്ലാ പരാതികളും തീർപ്പാക്കുന്നതായും 6.3.2017 മുതൽ 6.2.2018 വരെയുള്ള വേലവിലക്ക് കാലയളവിലെ ശമ്പളം മാനേജരിൽ നിന്നും ഈടാക്കേണ്ടതാണ് എന്നത് ചട്ടങ്ങളുടെ ലംഘനമായതിനാൽ റദ്ദാക്കാനും കുറ്റാരോപണ പത്രികയുടെയും കുറ്റപത്രത്തിന്റെയും അടിസ്ഥാനത്തിൽ ബഹു.പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ വിശദമായ അന്വേഷണം നടത്തണമെന്നും ശ്രീമതി.സജി.എസ് വ്യാജബില്ലുകൾ ഉപയോഗിച്ച് നടത്തിയ അഴിമതി ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിമിതികൾ മൂലം അന്വേഷിക്കാൻ കഴിയില്ലെന്ന് അറിയിച്ചു എന്നാൽ പാലക്കാട് ജില്ല ധനകാര്യ പരിശോധന വിഭാഗം ശ്രീമതി.ടി.എസ്.സജിയിൽ നിന്നും, ഹാജരാക്കിയ സാക്ഷികളിൽ നിന്നും, മുതലമട ഗ്രാമപഞ്ചായത്തിൽ നിന്നും,

പ്രദേശവാസികളിൽ നിന്നും നേരിട്ട് സ്ഥലം സന്ദർശിച്ച് ടി.എസ്.സജി ഉച്ചഭക്ഷണത്തിന് വേണ്ട പച്ചക്കറിയും പലചരക്കും വാങ്ങിയതായി ബില്ലുകളിൽ രേഖപ്പെടുത്തിയ കടകൾ ഇല്ലാത്തതാണെന്ന് അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതുകൂടി പരിശോധിച്ച് വിശദമായ അന്വേഷണം നടത്തണമെന്നും കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ കൂടി കാഴ്ച നടത്തി ശ്രീമതി.ടി.എസ്.സജിയെ സംരക്ഷിക്കുന്നതിനുവേണ്ടി ലഘുശിക്ഷ (ശമ്പളത്തിൽ നിന്നും ഒരു ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് കുറയ്ക്കാൻ) ഉത്തരവായത് റദ്ദാക്കണമെന്നും വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു.

(ii) വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിച്ച സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ബഹു.ഹൈക്കോടതിയുടെ WA/2413/2019, W.A/2416/2019 തീയതി 17.12.2019 പ്രകാരമുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹിയറിംഗ് നടത്തുകയും, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ബി4/4326/2019/പൊ.വി.വ തീയതി 21.10.2019-ലെ ഉത്തരവിൽ പറയുന്ന ശുപാർശ പ്രകാരം 6.3.2017 മുതൽ പ്രധാനാദ്ധ്യാപിക ശ്രീമതി ടി.എസ്.സജിയെ വേലവിലക്കിയ മാനേജരുടെ നടപടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ അംഗീകരിക്കാതിരിക്കുകയും, മേലധികാരികൾ തിരിച്ചെടുക്കാൻ നിർദ്ദേശിച്ചിട്ടും പ്രധാനാദ്ധ്യാപികയുടെ വേലവിലക്ക് നീട്ടികൊണ്ടു പോവുകയും ചെയ്തതുമൂലം 6.2.2018 വരെ ടി.എസ്.സജിയുടെ ശമ്പള ഇനത്തിൻ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം മാനേജരിൽ നിന്നും ഈടാക്കേണ്ടതാണെന്നു 18.3.2020-ലെ എഫ്/477/2019 നമ്പർ ഉത്തരവ് ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിരുന്നു. ആയതിനെതിരെ മാനേജർ WP © 11964/2020 ഫയൽ ചെയ്യുകയും ചെയ്തു. ആയതിൽ 13.4.2023-ലെ അന്തിമവിധി പ്രകാരം സർക്കാരിനോട് പുന:പരിശോധിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ഹാജരാക്കപ്പെട്ട രേഖകൾ, ഹിയറിംഗ് സമയത്തെ വാദം എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

പാലക്കാട് മഹാഗണപതി എം.പുതൂർ എം.ജി.എൽ.പി സ്കൂളിലെ 2010-2011 മുതൽ 2017 ഫെബ്രുവരി വരെയുള്ള ഉച്ചഭക്ഷണ പരിപാടിയുടെ കണക്കുകൾ പരിശോധിച്ച് എത്രമാത്രം തുക അപഹരിക്കപ്പെട്ടുവെന്നുള്ള വ്യക്തമായ കണക്ക് അടിയന്തിരമായി സർക്കാരിൽ സമർപ്പിക്കാനും ധനകാര്യ പരിശോധന റിപ്പോർട്ടിലെ ശുപാർശ പ്രകാരം ക്രമവിരുദ്ധമായി അധികം പിൻവലിച്ച തുകകൾ 18% പലിശ സഹിതം പ്രഥമാദ്ധ്യാപികയായ ശ്രീമതി.ടി.എസ്.സജിയിൽ നിന്നും ഈടാക്കി സർക്കാർ ഖജനാവിൽ തിരികെ അടക്കാനുള്ള നടപടി സ്വീകരിക്കാനും സ.ഉ (സാധാ) നം.4326/2019/പൊ.വി.വ തീയതി 21.10.2019 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയെങ്കിലും പ്രസ്തുത ഗവണ്മെന്റ് ഉത്തരവിനെതിരെ മാനേജരും ശ്രീമതി.ടി.എസ്.സജിയും ബഹു. ഹൈക്കോടതിയിൽ WP © 29305/2019, 29663/2019 ഫയൽ ചെയ്യുകയും അതേ തുടർന്നുള്ള W.A No.2413, 2416/2019 എന്നീ അപ്പീലുകളിൽ 17.2.2019-ന് ഡിവിഷൻ ബെഞ്ചിന്റേതായ വിധിയുണ്ടാവുകയും, ടി വിധിയുടെ നിർദ്ദേശം പാലിക്കുന്നതിന്റെ ഭാഗമായി ഉപജില്ല വിദ്യാഭ്യാസ ആഫീസർ 12.3.2020-ൽ ഹിയറിംഗ് നടത്തി 18.3.2020 തീയതിയിലെ എഫ്/477/2019 നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് സർക്കാർ നിർദ്ദേശ പ്രകാരം കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 75 പ്രകാരം പൊതുവിദ്യാഭ്യാസ

ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ശ്രീമതി. റ്റി.എസ് സജിക്കെതിരായ അച്ചടക്ക നടപടികൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുകയും 23.12.2020-ൽ അന്വേഷണം നടത്തുന്നതിനും ഉത്തരവാകുകയും ചെയ്തെങ്കിലും ശ്രീമതി.ടി.എസ് സജി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP © No.29033/2020 പ്രകാരം ടിയാരിക്കെതിരായ അന്വേഷണം ബഹു.ഹൈക്കോടതി സ്റ്റേ ചെയ്യുകയുണ്ടായി.

ബഹു.ഹൈക്കോടതിയുടെ WA 2413/2019 WA 2416/2019 -ന്റെ (17.12.2019-ലെ) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹിയറിംഗ് നടത്തി പുറപ്പെടുവിച്ച 18.3.2020-ലെ എഫ്/477/2019 ഉത്തരവിൽ G.O (Rt) No.4326/2019/പൊ.വി.വ തീയതി 21.10.2019-ൽ നിർദ്ദേശിച്ച പ്രകാരം പാൽ വാങ്ങിയ വകയിൽ അധികമായി പിൻവലിച്ച തുകയായ 10,184.50 രൂപയും, ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിച്ച തുകയെക്കാൾ അധികം പിൻവലിച്ച തുകയായ 4,45,941.85 രൂപയും 18% പലിശ സഹിതം തിരിച്ചടക്കുവാനും, ഉച്ചഭക്ഷണ പദ്ധതിയിൽ പണം ചെലവാക്കുന്നതിൽ പിഴവ് വരുത്തിയ പ്രധാനാദ്ധ്യാപികയുടെ ശമ്പളത്തിൽ നിന്നും ഒരു ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് കുറയ്ക്കുവാനും നിർദ്ദേശിച്ചിരുന്നു. ഈ ഉത്തരവിനെതിരെയാണ് പ്രധാനാദ്ധ്യാപിക ശ്രീമതി.ടി.എസ്.സജി WP © 2983/2022 ഫയൽ ചെയ്തിട്ടുള്ളതും, ടി കേസിന്റെ അന്തിമ വിധിന്യായത്തിൽ സർക്കാരിനോട് പുനപരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതും. കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ടി ഉത്തരവിൽ 6.3.2017 മുതൽ ശ്രീമതി.ടി.എസ്.സജിയെ വേലവിലക്കിയ മാനേജരുടെ നടപടി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ അംഗീകരിക്കാതിരിക്കുകയും മേലധികാരികൾ തിരിച്ചെടുക്കാൻ നിർദ്ദേശിച്ചിട്ടും ടിയാളുടെ വേലവിലക്ക് നീട്ടികൊണ്ട് പോയതുമൂലം സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം മാനേജരിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. ആയതിനെതിരെയാണ് മാനേജർ WP © 11964/2020 ഫയൽ ചെയ്തതും, 13.4.2023-ലെ അന്തിമ വിധിന്യായം പ്രകാരം സർക്കാരിനോട് പുന:പരിശോധിക്കുവാൻ നിർദ്ദേശിച്ചിട്ടുമുള്ളത്.

മേൽ സാഹചര്യത്തിൽ, ടി സ്കൂളിലെ ഉച്ച ഭക്ഷണ പരിപാടിയിലെ ക്രമക്കേട് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെയും ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ 05.04.2018- ൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെയും ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ശ്രീമതി. റ്റി. എസ്. സജി ടി സ്കൂളിലെ ഉച്ച ഭക്ഷണത്തിന്റെ പേരിൽ കൃത്രിമ രേഖകളും ബില്ലുകളും ഉണ്ടാക്കി വിദ്യാഭ്യാസ അധികാരികളെ തെറ്റിദ്ധരിപ്പിച്ച് ബാങ്കിൽ നിന്നും പണം തട്ടിയെടുത്തു എന്നുള്ള ഗുരുതരമായ ആരോപണത്തിന്റെ പേരിലാണ് 08.03.2019- ൽ മാനേജർ ടിയാളെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തതെന്നും ഹർജിക്കാരിക്കെതിരായി ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിലും സർക്കാർ/വിദ്യാഭ്യാസ ഓഫീസർമാരുടെ തലത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ടുകളിലും സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടുമുണ്ടെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ടി സ്കൂളിലെ 2010-11 മുതൽ 2017 ഫെബ്രുവരി വരെയുള്ള ഉച്ചഭക്ഷണ പരിപാടിയുടെ കണക്കുകൾ പരിശോധിച്ച് എത്ര മാത്രം തുക അപഹരിക്കപ്പെട്ടുവെന്നുള്ള വ്യക്തമായ കണക്ക് അടിയന്തിരമായി സർക്കാരിൽ സമർപ്പിക്കാനും ധനകാര്യ പരിശോധനാ റിപ്പോർട്ടിലെ ശുപാർശ പ്രകാരം ക്രമവിരുദ്ധമായി അധികം പിൻവലിച്ച തുകകൾ 18% പലിശ സഹിതം ശ്രീമതി. റ്റി. എസ്. സജിയിൽ നിന്നും ഈടാക്കി സർക്കാർ ഖജനാവിൽ തിരികെ അടയ്ക്കാനുള്ള നടപടി സ്വീകരിയ്ക്കാനും പൊതു

വിദ്യാഭ്യാസ ഡയറക്ടർക്കും ടിയാരിക്കെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടി തുടരാനും ആയതിന് വിധേയമായി ടിയാരിയെ ഉടൻ പ്രാബല്യത്തിൽ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാനും സ്കൂൾ മാനേജർക്കും സ.ഉ (സാധാ) നം.4326/2019/പൊ.വി.വ തീയതി 21.10.2019 പ്രകാരം നിർദ്ദേശം നൽകിയത്. ടി ഉത്തരവ് നടപ്പിലാക്കിയാണ് കൊല്ലങ്കോട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 18.3.2020-ലെ എഫ്/477/2019 ഉത്തരവ് പുറപ്പെടുവിച്ചത്. ആയതിനാൽ ടി ഉത്തരവിൽ ശ്രീമതി. റ്റി എസ്സ് സജി 18% പലിശ സഹിതം തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ചിട്ടുള്ള പാൽ വാങ്ങിയ വകയിൽ അധികമായി പിൻവലിച്ച തുകയായ 10,184.50 രൂപയും, ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിച്ച തുകയെക്കാൾ അധികം പിൻവലിച്ച തുകയായ 4,45,941.85 രൂപയുടെയും കണക്കുകൾ കൃത്യമായി പരിശോധിച്ച് ഉറപ്പ് വരുത്തി ആയതിന്മേൽ തുടർ നടപടി സ്വീകരിയ്ക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്കും ടി ഉത്തരവിലെ തുടർ നിർദ്ദേശങ്ങളിന്മേൽ നടപടി സ്വീകരിയ്ക്കാൻ കൊല്ലങ്കോട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകി പാലക്കാട് എം പുതൂർ എം ജി എൽ പി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 2 പുന പരിശോധനാ ഹർജിയും(Ext. P35 in WP(C) No. 11964/2020) ടി സ്കൂളിലെ പ്രഥമാദ്ധ്യാപിക ശ്രീമതി. റ്റി എസ്സ് സജി സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന പരിശോധനാ ഹർജിയും( Ext. P15 in WP(C) No. 2983/2022) തീർപ്പാക്കി അപ്രകാരം ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 3 പൊതു വിധിന്യായത്തിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലങ്കോട്, പാലക്കാട്.
മാനേജർ, മഹാഗണപതി എൽ.പി.സ്കൂൾ, മുതലമട, പാലക്കാട്
ശ്രീമതി. റ്റി. എസ് സജി, പ്രധാനാദ്ധ്യാപിക, മഹാഗണപതി എൽ.പി.സ്കൂൾ, മുതലമട, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 01-07-2024 16:24:11

സെക്ഷൻ ഓഫീസർ